കേരള സർക്കാർ
ജലസേചന വകുപ്പ്, മെക്കാനിക്കൽ വിഭാഗം
<u>ദർഘാസ് പരസ്യം</u>

*പരസ്യ നമ്പർ: ഇ.ഇ/മെക്കാനിക്കൽ/ആലപ്പുഴ/7/2017-18.*
*ഫയൽ : എസ്.ആർ. 395-/2013.*

*എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയം,*
*മെക്കാനിക്കൽ വിഭാഗം,*
*മിനി സിവിൽ സ്റ്റേഷൻ രണ്ടാം നില,*
*ആലപ്പുഴ.*
*തിയ്യതി– 02/03/2018.*

ആലപ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷന്റെ പരിധിയിൽ ഉള്ളതും തണ്ണീർമുക്കം ബണ്ടിന്റെ പരിസരത്തു കൂട്ടിയിട്ടിരിക്കുന്നതുമായ താഴേ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തണ്ണീർമുക്കത്തെ ഒന്നാം സ്റ്റേജിലെ 31 എണ്ണം ഇരുമ്പ് ഷട്ടറുകളും (സ്ക്രാപ്പ്) രണ്ടാം സ്റ്റേജിലെ 21 എണ്ണം ഇരുമ്പ് ഷട്ടറുകളും (സ്ക്രാപ്പ്) നിലവിലെ അവസ്ഥയിൽ ഈ ഓഫീസിൽ വെച്ചു ആലപ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരോ ഓപ്പൺ ടെണ്ടർ വഴി വിൽക്കുന്നതായിരിക്കും. ആയതിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള കരാറുകാരിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു. താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിച്ചു ഈ ആവശ്യത്തിലേക്കുള്ള ദർഘാസുകൾ വെള്ളക്കടലാസിൽ തയ്യാറാക്കി അതോടൊപ്പം നിരത ദ്രവ്യമായ **1,65,000/-** രൂപയുടെ (ഒരു ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) ഡി.ഡി യും (എക്സിക്യൂട്ടീവ് എഞ്ചിനിയർ മെക്കാനിക്കൽ ഡിവിഷൻ ആലപ്പുഴയുടെ പേരിൽ മാറാവുന്നത്), പാൻ കാർഡിന്റെയും ജി എസ് ടി രജിസ്ട്രേഷന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അടക്കം ചെയ്തു മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്തു 52 നമ്പർ ഷട്ടർ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഡി. ഡി ക്കു പകരം ചെക്കുകൾ, ഡി.ഡി യുടെ പകർപ്പുകൾ, പണം എന്നിവ അടക്കം ചെയ്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ ഈ ഓഫീസിൽ **04/04/2018** വൈകുന്നേരം 3.00 വരെ സമർപ്പിക്കാവുന്നതാണ്. ദർഘാസുകൾ രജിസ്റ്റേർഡ് തപാലായോ, സ്പീഡ്പോസ്റ്റ് ആയോ മാത്രമേ സ്വീകരിക്കുകയുള്ളൂ. വൈകി ലഭിക്കുന്ന തപാലുകൾ നിരസിക്കുന്നതായിരിക്കും .നിശ്ചിത സമയത്തു ലഭിച്ച ദർഘാസുകൾ ഈ ഓഫീസിൽ അതേ ദിവസം വൈകുന്നേരം 4 ന് അപ്പോൾ ഹാജർ ആയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും നിലവിലുള്ള ഡിപ്പാർട്ടുമെന്റ് നിയമങ്ങൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്.

ദർഘാസ് തുറന്ന ശേഷം ഉയർന്ന തുക ക്വോട്ട് ചെയ്ത കരാറുകാരന്റെ പേരിൽ (സർക്കാർ നിശ്ചയിച്ച മതിപ്പുവില എങ്കിലും ലഭിക്കുന്ന പക്ഷം) ദർഘാസ് താൽക്കാലികമായി ഉറപ്പിക്കുന്നതും ഈ ഉറപ്പ് ടി യാന് രേഖാമൂലം ലഭിച്ച് 7 ദിവസത്തിനകം ക്വോട്ട് ചെയ്ത തുകയും നിലവിലുള്ള ജി എസ് ടി യും ഇൻകം ടാക്സും അടച്ച് അസ്സൽ ചലാൻ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ആയവ ഈ ഓഫീസിൽ ലഭിക്കുന്ന മുറക്ക് ടി കരാറുകാരന്റെ പേരിൽ ദർഘാസ് സ്ഥിരപ്പെടുത്തുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി വ്യക്തിയെ ഒഴിവാക്കി പുനർദർഘാസ് നടത്തുന്നതുമായിരിക്കും. ഇതുമൂലം എന്തെങ്കിലും വിധത്തിലുള്ള നഷ്ടം സർക്കാരിനുണ്ടാവുകയാണെങ്കിൽ ആ നഷ്ടം മേൽ വ്യക്തിയിൽ നിന്ന് റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതാണ്. ഇതിൽനിന്നും വ്യത്യസ്തമായി സർക്കാർ നിശ്ചയിച്ച മതിപ്പുവിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് ക്വോട്ട് ചെയ്തിട്ടുള്ളതെങ്കിൽ ഡിപ്പാർട്ടുമെന്റിൽ നിലവിലുള്ള നിയമം അനുസരിച്ച് ദർഘാസ് ഉറപ്പിക്കുകയോ പുനർ ദർഘാസ് നടത്തുകയോ ചെയ്യുന്നതായിരിക്കും. ദർഘാസ് സ്ഥിരസപ്പെടുത്തുന്ന വ്യക്തി അറിയിപ്പ് ലഭിക്കുമ്പോൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും 60 ദിവസത്തിനകം ടി ഷട്ടറുകൾ ഡിപ്പാർട്മെന്റ് സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം മേൽ വ്യക്തിയെ ഒഴിവാക്കി പുനർദർഘാസ് നടത്തുന്നതും ടി കരാറുകാരൻ അടച്ച തുകയും മറ്റും സർക്കാരിലേക്ക് മുതൽകൂട്ടുന്നതും ആയിരിക്കും. പ്രസ്തുത സാധന സാമഗ്രികൾ നീക്കം ചെയ്യുന്ന സമയത്ത് സർക്കാർ/സ്വകാര്യ വസ്തുക്കൾക്ക് യാതൊരുവിധ കേടുപാടുകളും വരുത്താതെ നോക്കേണ്ടതാണ്. ഇതുമൂലം എന്തെങ്കിലും വിധത്തിലുള്ള നഷ്ടം സർക്കാരിനുണ്ടാവുകയാണെങ്കിൽ ആ നഷ്ടം ടി വ്യക്തിയിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതുമായിരിക്കും. ഇതിലേക്കായി കരാർ സ്ഥിരപ്പെടുത്തുന്ന മുറക്ക് സർക്കാരുമായി പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. ദർഘാസ് തിയതികളിൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിക്ഷിപ്തമാണ്.

ഡിപ്പാർട്മെന്റിലെ ദർഘാസ് സംബന്ധമായ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും, ദർഘാസ് നിശ്ചയിച്ചിട്ടുള്ള ദിവസം എന്തെങ്കിലും കാരണത്താൽ അവധി ആയി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം അതേ സമയം ദർഘാസ് തുറക്കുന്നതായിരിക്കും. ഇതിനു പ്രത്യേക നോട്ടീസ് ഉണ്ടായിരിക്കുന്നതല്ല. ടി ഷട്ടറുകൾ പ്രവർത്തി ദിവസങ്ങളിൽ തണ്ണീർമുക്കം ബണ്ടിന് സമീപത്തുള്ള മെക്കാനിക്കൽ സെക്ഷൻ നമ്പർ 3 ഓഫീസുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്. കാരണം കാണിക്കാതെ ടി ലേലം റദ്ദ് ചെയ്യുന്നതിന് താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

| നമ്പർ | ഇനം | നിരതദ്രവ്യം |
|---|---|---|
| 1 | പഴയതും ഉപയോഗ ശൂന്യമായതുമായ തണ്ണീർമുക്കത്തെ ഒന്നാം സ്റ്റേജ് ലെ 31 എണ്ണം ഷട്ടറുകളും രണ്ടാം സ്റ്റേജ് ലെ 21 എണ്ണം ഷട്ടറുകളും. | 1,65,000/- |
| | ആകെ നിരത ദ്രവ്യം | 1,65,000/- |

എന്ന്
ബിജോയ്. കെ

എക്സിക്യൂട്ടീവ് എഞ്ചിനിയർ
(കേരളാ ഗവർണർക്ക് വേണ്ടി)